# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:2966 — 07.12.2018-ലെ മറുപടി

### ശബരിമലയിൽ കടുത്ത കുടിവെള്ള ക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എം. വിൻസെന്റ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ശബരിമലയിലെ കടുത്ത കുടിവെള്ള ക്ഷാമത്തെ കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശബരിമലയിൽ പ്രളയത്തിൽ തകർന്ന പോയ സംവിധാനങ്ങൾ പുനർ നിർമ്മിച്ച് ശുദ്ധജല വിതരണം പരാതി രഹിതമായി നടത്തി വരുന്നു . |
| (ബി) | ശബരിമലയിൽ അയ്യപ്പഭക്തന്മാർക്ക് കുടിവെള്ളം നല്കാൻ സർക്കാർ പരാജയപ്പെട്ടു എന്ന കേരള ഹൈക്കോടതി വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജല അതോറിറ്റി വിതരണം ചെയ്യുന്ന ശുദ്ധ ജലം പമ്പ മുതൽ ശരണപാത വഴി സന്നിധാനം നടപന്തൽ വരെ (6,60,000 ലിറ്റർ ജലം) കിയോസ്ക്കുകൾ വഴി (147), 330 ടാപ്പുകളിലൂടെയും 12 ഡിസ്പെൻസറുകളിലൂടെയും (ചൂട്, തണുപ്പ് സാധാരണ) എന്നിവ വഴി 24 മണിക്കൂറും സുരക്ഷിത കുടിവെള്ളം (RO water) വിതരണം ചെയ്യുന്നു. കൂടാതെ, പ്രതിദിനം 130 ലക്ഷം ലിറ്റർ ജലം ശുദ്ധീകരിച്ച് മറ്റുള്ള ആവശ്യങ്ങൾക്ക് ശബരിമലയിലും പമ്പയിലും വിതരണം ചെയ്യുന്നു. നിലയ്ക്കലിൽ പ്രതിദിനം 5,40,000 ലിറ്റർ സുരക്ഷിത കുടിവെള്ളം 164 കിയോസ്ക്കുകൾ വഴി 500 ടാപ്പിലൂടെ (RO water) വിതരണം ചെയ്യുന്നു. കൂടാതെ, 30 ലക്ഷം ലിറ്റർ ശുദ്ധീകരിച്ച ജലം വിവിധാവശ്യങ്ങൾക്കായി ആവശ്യാനുസരണം വിതരണം ചെയ്യുന്നു. ഇതിനായി, 40 ലക്ഷം ലിറ്റർ ശേഷിയുള്ള ദേവസ്വം ടാങ്കിന് പുറമേ 5 ലക്ഷം ലിറ്റർ വീതം ശേഷിയുള്ള 3 |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | steel ടാങ്കുകളും 215 എൻ എൽ ഡി പി (5000 ലിറ്റർ കപ്പാസിറ്റി) ടാങ്കുകളും തയ്യാറാക്കിയിട്ടുണ്ട്. ആകെ 65.75 ലക്ഷം ലിറ്റർ സംഭരണ ശേഷിയുണ്ട്. ഇതിലേക്കായി സീതത്തോട്ടിൽ പുതിയ 2MLD ശേഷിയുള്ള പ്രഷർ ഫിൽട്ടർ സംവിധാനവും നിലവിലെ പമ്പയിലെ ശുദ്ധീകരണ പ്ലാന്റും ഉപയോഗിച്ച് ടാങ്കർ ലോറികൾ വഴി ജല മെത്തിക്കുന്നു. കൂടാതെ, നിലയ്ക്കലിൽ പുതുതായി 2 bore well കളും നിർമ്മിച്ചിട്ടുണ്ട് . |
| (സി) | ശബരിമലയിലെ കടുത്ത കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നിലയ്ക്കലിലുള്ള നാല് കുളങ്ങൾ ശുചീകരിയ്ക്കാനുള്ള ശ്രമം ഉണ്ടായിരുന്നോ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണ്;വ്യക്തമാക്കുമോ? | (സി) | ഈ നാല് കുളങ്ങളുടെയും അധികാരവും; അതിന്റെ പരിപാലനവും ദേവസ്വം ബോർഡിനാണ്. പക്ഷേ നിലയ്ക്കലിൽ കേരള വാട്ടർ അതോറിറ്റി ആവശ്യത്തിനുള്ള കുടിവെള്ള സംവിധാനം നടപ്പിലാക്കി, ജല വിതരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ